## പതിനാലാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2611** 12/03/2018 -ൽ മറുപടിയ്ക്ക്

## ജൂനിയർ റെഡ് ക്രോസ് യൂണിറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ജൂനിയർ റെഡ് ക്രോസ് യൂണിറ്റുകളിൽ അംഗങ്ങളായ കുട്ടികൾക്ക് 2017-18 അധ്യയന വർഷത്തെ C ലെവൽ പരീക്ഷ ഇതുവരെയും നടത്താത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പരീക്ഷ നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) ഉണ്ട്. ജെ ആർ സി, സി-ലെവൽ പരീക്ഷ ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റിയുടെ കേരള ഘടകമാണ് നടത്തി വന്നിരുന്നത്. എന്നാൽ പ്രസ്തുത സംഘടനയിലെ ആഭ്യന്തര പ്രശ്നങ്ങൾ കാരണം പരീക്ഷ നടത്തുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായപ്പോൾ പൊതു വിദ്യാഭ്യാസ ഡയറക്ടർ നേരിട്ട് പരീക്ഷ നടത്തുവാൻ തീരുമാനിച്ചിരുന്നു. പ്രസ്തുത പരീക്ഷ 03.02.2018 ൽ നടത്തുന്നതിന് ചോദ്യപേപ്പർ പരീക്ഷാ സെന്ററുകളിൽ എത്തിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കിയിരുന്നു. എന്നാൽ 02.02.2018 ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച നടപടികൾ നിർത്തി വയ്ക്കുകയാണുണ്ടായത്. |
| (ബി) ഇതു മൂലം എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നഷ്ടപ്പെടുന്ന സാഹചര്യം ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) ഗൗരവമായി കണക്കിലെടുത്തിട്ടുണ്ട്. പരീക്ഷ നടത്തുന്നതിന് കേരള ഹൈക്കോടതിയുടെ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) എത്രയും വേഗം പരീക്ഷ നടത്തുവാനും അർഹരായ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് ഉറപ്പുവരുത്തുവാനും സത്വര നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ? | (സി) സി.ലെവൽ പരീക്ഷയുടെ നടത്തിപ്പ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ പ്രസ്തുത കോടതിയിൽ നിന്നും ഉത്തരവ് ലഭിച്ചാൽ മാത്രമേ പരീക്ഷ നടത്തുവാൻ കഴിയുകയുള്ളൂ. പരീക്ഷ നടത്തുന്നതിന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ അനുമതി ലഭിക്ക |

ന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബഹുമാനപ്പെട്ട കോടതിയുടെ അനുമതി ലഭിച്ചാലുടൻ തന്നെ പരീക്ഷ നടത്തുന്നതും കുട്ടികൾക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ